**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1164** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികളുടെ നോമെൻക്ലേച്ചർ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മരാമത്ത് പ്രവൃത്തികളുടെ നോമെൻക്ലാച്ചർ മാറ്റത്തിന് അനുമതി ലഭ്യമാക്കുന്നതിന് ധാരാളം സമയം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | നിലവിൽ മരാമത്ത് പ്രവൃത്തികളുടെ നോമെൻക്ലേച്ചർ മാറ്റത്തിനുള്ള അനുമതി താമസംവിനാ നൽകുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | അടങ്കൽ തുകയിൽ അധികരിക്കാതെയുള്ള ഇത്തരം മാറ്റങ്ങൾക്ക് അതിവേഗം തീർപ്പ് കല്പിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ; കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് നോമെൻക്ലാച്ചർ മാറ്റത്തിന് നടപടികൾ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കുറ്റ്യാടി മണ്ഡലത്തിൽ തിരുവള്ളൂർ-ആയഞ്ചേരി റോഡ് (കി.മീ 4/300 മുതൽ 5/540 വരെ പുനരുദ്ധാരണം) പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ചീഫ് എഞ്ചിനീയർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, പി.ഡബ്ല്യു.ഡി. സെക്രട്ടറി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി വഴി പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരം നൽകുന്നതിന് ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ